ഉത്തരം

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ K.H.R.W.S. പദ്ധതിപ്രകാരം കുടിവെള്ള പദ്ധതികളൊന്നുംതന്നെ നടപ്പാക്കുന്നില്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ്

45 [208] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ് ഉപേക്ഷിക്കുവാൻ സർക്കാർ തീരുമാനമെടുത്തത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പ്രതി ലഭ്യമാക്കുമോ;

(ഡി) ഈ പദ്ധതി ഉപേക്ഷിക്കുന്നതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി നിർമ്മിച്ച ഓഫീസുകളും നിയോഗിച്ച ഉദ്യോഗസ്ഥരെയും ഏതുവിധമാണ് ഇപ്പോൾ നിലനിർത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടില്ല. 10-12-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 69/03/ഡബ്ല്യൂ. ആർ. സി. പ്രകാരം ചില ഓഫീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി ആന്റ് സി) 10-12-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 69/03 ഡബ്ല്യൂ.ആർ.സി. പ്രകാരം ചില ഓഫീസുകൾ നിർത്തലാക്കാൻ ഉത്തരവായിട്ടുണ്ട്. 26-4-2004-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 24/04/ഡബ്ല്യൂ.ആർ.സി. പ്രകാരം 11 തസ്തികകൾ നിലനിർത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഈ പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടില്ല. വാമനപുരം ഇറിഗേഷൻ പ്രോജക്റ്റ് നടപ്പിലാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ ക്രിയാത്മകമായ യാതൊരു ജോലികളും പ്രസ്തുത പദ്ധതിയിൽ തുടരുന്നില്ല. കൂടാതെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ വാമനപുരം പദ്ധതിയുടെ ഓഫീസുകളിൽ പരിശോധന നടത്തിയതിൽ ജീവനക്കാരുടെ ഹാജർനില വളരെ കുറവായിരിക്കുന്നതായും കാണുകയുണ്ടായി. ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസ് എന്നീയിനങ്ങളിൽ ലക്ഷക്കണക്കിന് രൂപ പ്രതിമാസം സർക്കാരിന് ബാദ്ധ്യത വരുകയും ചെയ്യുന്നതിനാൽ ജീവനക്കാരുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ തീരുമാനിച്ചു.

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) വാമനപുരം ജലസേചന പദ്ധതിക്കുവേണ്ടി നിർമ്മിച്ച കോർട്ടേഴ്സുകളിൽ ജീവനക്കാർ താമസിക്കുന്നുണ്ട്. വാമനപുരം പദ്ധതി നിർത്തലാക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടില്ലാത്തതുകൊണ്ടും ഒരു ഡിവിഷൻ ആഫീസ് നിലനിർത്തിയിരിക്കുന്നതിനാലും സർക്കാരിന്റെ വസ്തുവകകൾ സൂക്ഷിക്കുന്നതാണ്. ബാക്കിയുണ്ടായിരുന്ന അധികം ജീവനക്കാരെ തസ്തിക നിർത്തലാക്കിയ കാരണത്താൽ ജലസേചന വകുപ്പിൽ തന്നെയുണ്ടായിരുന്ന വിവിധ ഓഫീസുകളിലെ ഒഴിവുകളിലേക്ക് മാറ്റി നിയമിച്ചുകൊണ്ടിരിക്കുകയാണ്.

പാലക്കാട് ജില്ലയിലെ പലകപ്പാണ്ടി പദ്ധതി

46 [209] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പലകപ്പാണ്ടി പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(സി) പദ്ധതി പൂർത്തിയാക്കിയാൽ എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയുമെന്നാണ് കരുതുന്നത്;

(ഡി) പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബജറ്റിൽ പ്രസ്തുത പദ്ധതിക്കായി തുക നീക്കിവച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്ര;

(ജി) പ്രസ്തുത പദ്ധതികൊണ്ട് എത്ര കർഷകർക്ക് പ്രയോജനം ലഭിക്കുമെന്ന് കണക്കെടുത്തിട്ടുണ്ടോ;

(എച്ച്) എങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 450/2004/ജ.വി.വ. തീയതി 13-4-2004 പ്രകാരം 9.10 കോടി രൂപ ചിലവുവരുന്ന പലകപ്പാണ്ടി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 3500 ഹെക്ടർ സ്ഥലത്ത്.

(ഡി) ഒരു വർഷം കൊണ്ട്.

(ഇ ആന്റ് എഫ്) ഇപ്പോൾ തുക നീക്കിവച്ചിട്ടില്ല. ന്യൂസർവ്വീസ് പ്രൊസീഡിയർ അനുസരിച്ച് തുക കണ്ടെത്തുന്നതിനാണുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly